**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2314** **16-03-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട നമ്പർ ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കരമന-കളിയിക്കാവിള ദേശീയ പാതയുടെ രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം-കൊടിനട പാത വികസനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ വീടും വസ്തുവും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് മിച്ചമുള്ള ഭൂമിയിൽ മാനദണ്ഡങ്ങൾ നോക്കാതെ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുമെന്ന് ഉറപ്പ് നൽകിയതിൻപ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നിയമങ്ങൾ ചൂണ്ടിക്കാട്ടി പഞ്ചായത്ത് അധികൃതർ കെട്ടിട നമ്പർ നിഷേധിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രാവച്ചമ്പലം-കൊടിനട വരെയുള്ള റോഡിന് ഇരുവശത്തുള്ള പ്രദേശം പള്ളിച്ചൽ, ബാലരാമപുരം, കല്ലിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ ഉൾപ്പെട്ട് വരുന്നതും ടി റോഡിന് ഇരുവശത്തും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 23(1) 23(2) പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഭൂമി വിട്ട് നൽകിയതിനാൽ ഇളവ് അനുവദിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നില്ലെന്ന പരാതികൾ ഒന്നും തന്നെ പള്ളിച്ചൽ, കല്ലിയൂർ ഗ്രാമപഞ്ചായത്ത് ആഫിസുകളിൽ ലഭിച്ചിട്ടില്ല. എന്നാൽ ബാലരാമപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ ഇപ്രകാരം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ (സെറ്റ്ബാക്ക് പാലിക്കാത്തതിനാൽ) മൂന്ന് കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ആനുവദിച്ച് നൽകിയിട്ടില്ലാത്തതുമാണ് |
| (ബി) | എങ്കിൽ ഇപ്രകാരം കെട്ടിട നമ്പർ ലഭിക്കാത്തവർക്ക് ജില്ലാ കളക്ടർ നൽകിയ ഉറപ്പനുസരിച്ച് നമ്പർ ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഇത്തരം അപേക്ഷകൾ/പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ